# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3271 | 19.06.2019-ൽ മറുപടിയ്ക്ക് |
|---|---|
| **മാലിന്യ നിർമ്മാർജ്ജനത്തിന് ശുചിത്വ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.പുരുഷൻ കടലുണ്ടി<br>,, ജോൺ ഫെർണാണ്ടസ്<br>,, വി. ജോയി<br>,, എം. മുകേഷ് | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ശുചിത്വ-മാലിന്യ സംസ്കരണമേഖലകളിൽ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തെല്ലാമാണെന്നറിയിക്കുമോ; | (എ) | ശുചിത്വ മാലിന്യ സംസ്കരണ മേഖലകളിൽ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ ചുവടെ ചേർക്കുന്നു.<br>• സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ വികസന ഫണ്ടിന്റെ 10% നീക്കി വയ്ക്കുന്നതിനും, നഗരസഭകൾ 15% നീക്കി വയ്ക്കുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ട്.<br>• ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ ശുചിത്വകേരളം (അർബൻ), ശുചിത്വകേരളം (റൂറൽ) എന്നീ പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ തുക വകയിരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• മാലിന്യമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി 'ഹരിത കേരളം' ലക്ഷ്യം വച്ചുള്ള വിവിധ കാമ്പയിനുകൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടന്നു വരുന്നു.<br>• ജൈവ മാലിന്യ സംസ്കരണത്തിനായി വിവിധ രീതിയിലുള്ള വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ.<br>• അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തരംതിരിച്ച് ശേഖരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ എത്തിക്കുയും അവിടെ നിന്ന് രണ്ടാം തരംതിരിവിനും പുനചംക്രമണത്തിന് സാധ്യതയുള്ള വസ്തുക്കൾ റീസൈക്ലിംഗ് വ്യവസായങ്ങൾക്ക് കൈമാറുന്നതിനുമുള്ള നടപടികൾ.<br>• പുനചംക്രമണ സാധ്യത തീരെ കുറവുള്ള പ്ലാസ്റ്റിക്കുകൾ ബ്ലോക്ക് / നഗരസഭ തലത്തിൽ സ്ഥാപിച്ചിട്ടുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ എത്തിച്ച് ഷ്രഡ് ചെയ്ത് റോഡ് ടാറിംഗിന് കൈമാറുന്നതിനുള്ള നടപടികൾ.<br>• കേന്ദ്രീകൃത വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | • ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ<br>• വിവിധ വകുപ്പുകളുടെയും, ഏജൻസികളുടെയും ഏകോപനത്തിനായി ഹരിത കേരളം മിഷന്റെ രൂപീകരണം.<br>• ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ. |
| (ബി) | ഈ രംഗത്ത് ശുചിത്വ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സാങ്കേതിക പിന്തുണ സ്ഥാപനമാണ് ശുചിത്വ മിഷൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച സാങ്കേതിക പിന്തുണ ശുചിത്വമിഷൻ നൽകി വരുന്നു. കൂടാതെ ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ ആശയ രൂപീകരണം, കർമ്മപരിപാടികൾ ആസൂത്രണം ചെയ്യൽ. സൃഷ്ടിപരമായ ശില്പശാലകൾ, പരിശീലനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ, മേഖലാ സംബന്ധിയായ പഠനഗവേഷണങ്ങൾ, സന്ദർഭോചിതമായ പ്രസിദ്ധീകരണങ്ങൾ തുടങ്ങി മാലിന്യ-സംസ്കരണമേഖലയിലെ മറ്റു പ്രവർത്തനങ്ങളും ശുചിത്വ മിഷന്റെ ഉത്തരവാദിത്വങ്ങളിൽപ്പെടുന്നു. ഇതിനെല്ലാം പുറമെ സ്വച്ഛ് ഭാരത് മിഷൻ (നഗരം), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്പ്മെൻറ് യൂണിറ്റ് (സി.സി.ഡി.യു) എന്നിവ നടപ്പിലാക്കാനുള്ള സംസ്ഥാന നോഡൽ ഏജൻസിയായും മിഷൻ പ്രവർത്തിച്ചു വരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ നിർദ്ദേശിച്ചിട്ടുള്ള കർമ്മപരിപാടികളുടെ നിർവ്വഹണ ഏജൻസിയും ശുചിത്വ മിഷനാണ്. |
| (സി) | എല്ലാ ജില്ലകളിലെയും പ്രധാന ആശുപത്രികളിൽ സീവേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (സി) | ജില്ലകളിൽ ഒന്നു വീതം ആശുപത്രികളിൽ സീവേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| (ഡി) | ഗാർഹിക ശൗചാലയങ്ങളും പൊതു ശൗചാലയങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതി ശുചിത്വ മിഷൻ ആവിഷ്കരിച്ചിട്ടുണ്ടോ; | (ഡി) | ഒ.ഡി.എഫ്. പ്രഖ്യാപിച്ചതിനുശേഷം ഗ്രാമീണ മേഖലയിൽ ഗാർഹിക ശൗചാലയങ്ങൾക്ക് ശുചിത്വ മിഷന്റെ സഹായങ്ങൾ നൽകുന്നില്ല. എന്നാൽ ഗ്രാമീണ/നഗരമേഖലകളിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് ശുചിത്വമിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ ഗാർഹിക ശൗചാലയം നിർമ്മിക്കുന്നതിന് ശുചിത്വമിഷൻ സഹായം നൽകി വരുന്നുണ്ട്. |
| (ഇ) | മികച്ച പരിസ്ഥിതി സംരക്ഷണത്തിനും ശുചിത്വ പ്രവർത്തനത്തിനും ശുചിത്വ മിഷന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഇ) | 2010-ൽ ഗ്രീൻ കേരള എക്സിബിഷൻ എന്ന റിയാലിറ്റി ഷോ നടത്തിയതിന് കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന്റെ അവാർഡ് ലഭിച്ചു. |

സെക്ഷൻ ഓഫീസർ